ഭരണഭാഷ - മാതൃഭാഷ

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
# പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംങ്ഷൻ, തിരുവനന്തപുരം - 33
# (ഹാജർ -അർജ്ജുൻ പാണ്ഡ്യൻ ഐ എ എസ് (ഇൻ ചാർജ്ജ്))

നം.ഇ **LR N2/5382/2021(1)** **12-08-2022**

വിഷയം : ജീവനക്കാര്യം : ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക - ഓൺലൈൻ സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം

(1) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25/02/2017 ലെ സ.ഉ(പി) 3/2017 നം സ.ഉത്തരവ്
(2) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 05/04/2018 ലെ സ.ഉ(കൈ) 10/2018 നം സ.ഉത്തരവ്
(3) റവന്യൂ (സി) വകുപ്പിന്റെ 26/08/2020 ലെ 2723/20 നം സ.ഉത്തരവ്
(4) lrd.kerala.gov.in പോർട്ടലിൽ 15/05/2022 തീയതി വരെ ലഭിച്ച ഓൺലൈൻ അപേക്ഷകൾ
(5) 28/07/2022 തീയതിയിൽ ഇതേ നമ്പറായി പ്രസിദ്ധീകരിച്ച പ്രസിദ്ധീകരിച്ച അന്തിമ മുൻഗണനാ പട്ടിക
(6) 02/07/2022 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം
(7) 08/08/2022 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം

ഓൺലൈൻ മുഖാന്തിരം സ്ഥലം മാറ്റം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള സൂചന (1), (2), (3) എന്നിവ പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സൂചന (4) പ്രകാരം സ്ഥലം മാറ്റത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിച്ച് മാനദണ്ഡങ്ങൾക്കനുസൃതമായി നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി സൂചന (5) പ്രകാരമുള്ള അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.
പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 2(3) പ്രകാരം പൊതു സ്ഥലം മാറ്റത്തിനായി അപേക്ഷ നൽകിയ ജീവനക്കാരിൽ കാറ്റഗറി 3, കാറ്റഗറി 4 എന്നിവർക്ക് സ്ഥലം മാറ്റം നൽകുന്നതിനായി അവർ അപേക്ഷ നൽകിയ സ്റ്റേഷനുകളിലെ സ്റ്റേഷൻ സീനിയറായ വ്യക്തികളുടെ ക്രമ പ്രകാരമുള്ള പട്ടിക പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.
ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ പരാമർശം (6) പ്രകാരമുള്ള ഉത്തരവിൽ പ്രൊമോഷൻ നടത്തി ഓപ്പൺ വേക്കൻസിയിൽ നിയമിച്ചിട്ടുള്ളതായിരുന്നു. പ്രസ്തുത ഉത്തരവുകളിൽ ഓൺലൈൻസ്ഥലംമാറ്റം നടപ്പിലാകുമ്പോൾ പ്രസ്തുത ജീവനക്കാരുടെ സ്റ്റേഷനുകൾക്ക് മാറ്റമുണ്ടാകുമെന്ന നിബന്ധനയോടെയാണ് പ്രൊമോഷൻ അനുവദിച്ചിട്ടുള്ളത്. പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരെ, പരാമർശം (6) പ്രകാരം നിയമനം നൽകിയ സ്റ്റേഷനുകളിലെ വേക്കൻസികൾ ഓപ്പൺ വേക്കൻസികളായി പരിഗണിച്ച് ചുവടെ ചേർത്തിരിക്കും പ്രകാരം അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള ജില്ലകളിലേയ്ക്ക് നിയമിച്ച് ഉത്തരവാകുന്നു.
മേൽ പറഞ്ഞ നിബന്ധനകളോടെ ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ.നം | പേര്& പെൻ | നിലവിൽ ജോലി ചെയ്യുന്ന ജില്ല/സ്റ്റേഷൻ | സ്ഥലം മാറ്റി നിയമിക്കുന്ന ജില്ല/സ്റ്റേഷൻ | ട്രാൻസ്ഫർ തരം |
|---|---|---|---|---|
| 1 | ജിജിമോൾ ആർ(164924) | ആലപ്പുഴ | തിരുവനന്തപുരം/തിരുവനന്തപുരം | ഓപ്ഷൻ |
| 2 | രമ ഡി(491992) | തിരുവനന്തപുരം | കൊല്ലം/കൊല്ലം | ഓപ്ഷൻ |
| 3 | ജ്യോതി റ്റി(527283) | തൃശ്ശൂർ | ആലപ്പുഴ/അമ്പലപ്പുഴ | ഓപ്ഷൻ |
| 4 | എസ്സ് രാജേഷ്(389672) | തൃശ്ശൂർ | ആലപ്പുഴ/അമ്പലപ്പുഴ | ഓപ്ഷൻ |

| | | | | |
|---|---|---|---|---|
| 5 | സുരേഷ് കമാർ എം കെ(250080) | ആലപ്പുഴ | എറണാകുളം/കണയന്നൂർ | ഓപ്ഷൻ |
| 6 | നിർമ്മലാദേവി ഇ ആർ(485960) | കൊല്ലം | തൃശ്ശൂർ/തൃശ്ശൂർ | ഓപ്ഷൻ |
| 7 | ആമിന പി(158410) | തിരുവനന്തപുരം | കോഴിക്കോട്/കോഴിക്കോട് | ഓപ്ഷൻ |

പരാമർശം (6) പ്രകാരം പ്രൊമോഷൻ നടത്തി താത്കാലികമായി നിയമിച്ച ജീവനക്കാരെ മുൻഗണനാ ക്രമമനുസരിച്ച് ചുവടെ ചേർത്തിരിക്കും പ്രകാരം അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള ജില്ലകളിലേയ്ക്ക് മാറ്റി നിയമിച്ചും ഉത്തരവാകുന്നു. ഓപ്ഷൻ നൽകാത്ത കാരണത്താൽ ഒരു സ്റ്റേഷനിൽ ഏറ്റവും സീനിയറായിരുന്ന പരാമർശം (7) പട്ടിക പ്രകാരമുള്ള ജീവനക്കാരെ നിർബന്ധിത സ്ഥലം മാറ്റം എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും അടുത്ത പൊതു സ്ഥലം മാറ്റത്തിനായി അപേക്ഷ നൽകുമ്പോൾ പ്രസ്തുത ജീവനക്കാർക്ക് മുൻഗണന ലഭിക്കുന്നതുമാണ്.

| ക്രമ.നം | പേര്& പെൻ | നിലവിൽ ജോലി ചെയ്യുന്ന ജില്ല/സ്റ്റേഷൻ | സ്ഥലം മാറ്റി നിയമിക്കുന്ന ജില്ല | ട്രാൻസ്ഫർ തരം |
|---|---|---|---|---|
| 1 | വിനോദ് കെ വി(106504) | തിരുവനന്തപുരം | തിരുവനന്തപുരം | പ്രമോഷൻ |
| 2 | അനിൽ കമാർ കെ(327664) | തിരുവനന്തപുരം | തിരുവനന്തപുരം | പ്രമോഷൻ |
| 3 | ബിന്ദു എച്ച് രാജൻ(606917) | തിരുവനന്തപുരം | തിരുവനന്തപുരം | പ്രമോഷൻ |
| 4 | സുമോഹിനി പി എ(407333) | ആലപ്പുഴ | ആലപ്പുഴ | പ്രമോഷൻ |
| 5 | ജയരേഖ ആർ(104679) | എറണാകുളം | എറണാകുളം | പ്രമോഷൻ |
| 6 | സന്തോഷ് കമാർ കെ ജി(104696) | തൃശ്ശൂർ | തൃശ്ശൂർ | പ്രമോഷൻ |
| 7 | ബീന ആർ(104674) | എറണാകുളം | തൃശ്ശൂർ | പ്രമോഷൻ |
| 8 | അബ്ദുൾ നിസ്സാർ.എം.ആർ(104677) | ആലപ്പുഴ | തൃശ്ശൂർ | പ്രമോഷൻ |
| 9 | ചന്ദ്രൻ എ . ഇ(107932) | വയനാട് | വയനാട് | പ്രമോഷൻ |

ബന്ധപ്പെട്ട ജില്ലാകലക്ടർമാർ രണ്ട് പട്ടികയിലുമുള്ള ജീവനക്കാരെ 7 ദിവസത്തിനകം വിടുതൽ ചെയ്യേണ്ടതാണ്. എല്ലാ ജീവനക്കാർക്കും സ്റ്റേഷൻ സീനിയോരിറ്റി ബാധകമാകയാൽ അനുവദനീയമായ പ്രവേശനകാലത്തിന് ശേഷം ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരന് സീനിയോരിറ്റി നഷ്ടപ്പെടുന്നതായിരിക്കും. മേൽ പട്ടികകളിലുള്ള ജീവനക്കാരിൽ ആദ്യ പട്ടികയിലുള്ള ജീവനക്കാരെ അവരുടെ ഓപ്ഷൻ പ്രകാരം ലഭിച്ചിട്ടുള്ള സ്റ്റേഷനുകളിലെ ഓഫീസുകളിൽ മാത്രം നിയമിക്കേണ്ടതും, പ്രമോഷൻ മുഖേനയും, പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായുള്ള നിർബന്ധിത സ്ഥലം മാറ്റം മുഖേനയും സ്ഥലമാറ്റപ്പെട്ട രണ്ടാമത്തെ പട്ടിക പ്രകാരമുള്ള ജീവനക്കാർക്ക് ഉചിതമായ സ്റ്റേഷനുകളിൽ ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ നിയമനം നൽകേണ്ടതുമാണ്. ആദ്യ പട്ടിക പ്രകാരമുള്ള ജീവനക്കാരെ യാതൊരു കാരണവശാലും സ്റ്റേഷൻ മാറ്റി നിയമിക്കാൻ പാടുള്ളതല്ല. ഈ സ്ഥലം മാറ്റ പട്ടിക പ്രകാരം പകരം ജീവനക്കാരൻ വരുന്നതിന് കാത്തിരിക്കാതെ ഓരോ ജീവനക്കാരെയും അടിയന്തിരമായി വിടുതൽ ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ലാൻഡ് റവന്യൂ കമ്മീഷണറുടെ ഉത്തരവ് പ്രകാരം ജോലി ക്രമീകരണ വ്യവസ്ഥയിൽ തുടരുന്ന ജീവനക്കാരുടെ ഉത്തരവുകൾ നിലനിൽക്കുന്നതാണ്. ഈ സ്ഥലം മാറ്റം ഉത്തരവ് നിലവിൽ വരുന്ന തീയതിയിൽ പരിശീലനത്തിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന ജീവനക്കാർ പരിശീലനത്തിനു ശേഷം പുതുതായി സ്ഥലം മാറ്റപ്പെടുന്ന ജില്ലയിൽ / സ്റ്റേഷനിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

കൂടാതെ എല്ലാ ജീവനക്കാരെയും HRMS മൊഡ്യൂൾ ഉപയോഗിച്ച് മാത്രം വിടുതൽ / ജോലി പ്രവേശനം നടത്തേണ്ടതും, എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്നും ഡാറ്റാ ശരിയാണെന്നും ബന്ധപ്പെട്ട ഓഫീസ് മേധാവികളും ജില്ലാ കലക്ടർമാരും ഉറപ്പുവരുത്തേണ്ടതാണ്.

മേൽ പ്രസിദ്ധീകരിക്കപ്പെട്ട സ്ഥലം മാറ്റ ഉത്തരവുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ / അപ്പീലുകൾ എന്നിവ അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, കേരള സർക്കാർ മുമ്പാകെ ഉത്തരവ് തിയതി മുതൽ 7 ദിവസത്തിനുള്ളിൽ സമർപ്പിക്കാവുന്നതാണ്.

ഓൺലൈനായി തയ്യാറാക്കിയിരിക്കുന്ന ഈ ലിസ്റ്റ് ലാൻഡ് റവന്യൂ വകുപ്പിന്റെ പോർട്ടലായ lrd.kerala.gov.in യിലും, വെബ് സൈറ്റായ clr.kerala.gov.in ലും ലഭ്യമാണ്.

കമ്മീഷണർ

പകർപ്പ്

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, തിരുവനന്തപുരം
2. എല്ലാ ജില്ലാ കലക്ടർമാർക്കും
3. സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
4. ഡയറക്ടർ, ILDM, തിരുവനന്തപുരം
5. ഡയറക്ടർ, സർവ്വെ & ലാൻഡ് റിക്കാർഡ്സ്, തിരുവനന്തപുരം
6. ഡെപ്യൂട്ടി കലക്ടർ, വിജിലൻസ് (ഉത്തര, ദക്ഷിണ, മദ്ധ്യമേഖല)
7. അസിസ്റ്റന്റ് കമ്മീഷണർ (ആർ ഇ) & (എസ് സി)
8. സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ
9. നോഡൽ ഓഫീസർ, സ്റ്റേറ്റ് ഐടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
10. കരുതൽ ഫയൽ

Print Draft